REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-11-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി പുട്ടപർത്തിയിൽ സത്യസായിബാബയുടെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു.**
- **PM കിസാൻ പദ്ധതിയുടെ 21-ാം ഗഡു പ്രധാനമന്ത്രി ഉച്ചയ്ക്ക് കോയമ്പത്തൂരിൽ വിതരണം ചെയ്യും.**
- **ദേശീയ സുരക്ഷയെ ബാധിക്കുന്ന കേസുകളിൽ ആറുമാസത്തിനകം വിചാരണ പൂർത്തിയാക്കാൻ ജുഡീഷ്യൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് സുപ്രീം കോടതി.**
- **സംസ്ഥാനത്ത് 97 ശതമാനം ആളുകൾക്കും എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് FC-മലപ്പുറം FC മത്സരം വൈകീട്ട് കണ്ണൂരിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി പുട്ടപർത്തിയിൽ സത്യസായിബാബയുടെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. പ്രശാന്തി നിലയത്തിലെ സായിബാബ മഹാസമാധിയിൽ അദ്ദേഹം പ്രത്യേക പ്രാർത്ഥന നടത്തി. ഗോദാന പരിപാടിയുടെ ഭാഗമായി നാല് കർഷകർക്ക് പ്രധാനമന്ത്രി പശുക്കളെ ദാനം ചെയ്തു. നേരത്തെ പുട്ടപർത്തി വിമാനത്താവളത്തിലിറങ്ങിയ പ്രധാനമന്ത്രിയെ, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി N ചന്ദ്രബാബു നായിഡു, ഉപ മുഖ്യമന്ത്രി K പവൻ കല്യാൺ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

✪✪✪

PM കിസാൻ പദ്ധതിയുടെ 21-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചയ്ക്ക് കോയമ്പത്തൂരിൽ വിതരണം ചെയ്യും. രാജ്യത്തെ 9 കോടി കർഷകരെ സഹായിക്കുന്നതിന് 18,000 കോടിയിലധികം രൂപയാണ് ഇതിന് വിനിയോഗിക്കുന്നത്. രാജ്യത്തെ 11 കോടിയിലധികം കർഷക കുടുംബങ്ങൾക്ക് ഇതുവരെ മൂന്ന് ലക്ഷത്തി 70,000 കോടി രൂപ വിതരണം ചെയ്തതായി കേന്ദ്ര കൃഷി- കർഷക ക്ഷേമ മന്ത്രാലയം അറിയിച്ചു.

✪✪✪

ദേശീയ സുരക്ഷയെ ബാധിക്കുന്ന ഗുരുതര കേസുകളിൽ ആറുമാസത്തിനകം വിചാരണ പൂർത്തിയാക്കാൻ മതിയായ ജുഡീഷ്യൽ അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്രഗവൺമെന്റ് ഉറപ്പാക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടു. ഇത്തരം കേസുകളിൽ കോടതികൾ രാവും പകലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തയ്യാറാണെന്നും ജസ്റ്റിസുമാരായ സൂര്യകാന്ത്, ഉജ്ജ്വൽ ഭുയാൻ, N. കോടീശ്വർ സിംഗ് എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

വേഗമേറിയ വിചാരണ നടപടികൾ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നത് തടയുമെന്നും ആറ് മാസത്തിനുള്ളിൽ വിചാരണ പൂർത്തിയായാൽ അത് എല്ലാ കക്ഷികൾക്കും ഗുണം ചെയ്യുമെന്നും ജസ്റ്റിസുമാർ അറിയിച്ചു. സാക്ഷികളെ സംരക്ഷിക്കുന്നതിനൊപ്പം കേസുകൾ വേഗത്തിലാക്കാൻ ഓൺലൈൻ സാക്ഷ്യപത്രം ഉപയോഗിക്കാനും സുപ്രീംകോടതി കേന്ദ്രഗവൺമെന്റിനോട് നിർദേശിച്ചു.

✪✪✪

ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ച ഇന്ത്യയെ ലോകാരോഗ്യ സംഘടന പ്രശംസിച്ചു. TB കേസുകൾ കണ്ടെത്തുന്നതിനും രോഗം ബാധിക്കുന്നവരുടെ എണ്ണം കുറയ്ക്കാനും ഇന്ത്യക്ക് കഴിഞ്ഞതായി WHO പുറത്തിറക്കിയ റിപ്പോർട്ട് വ്യക്തമാക്കി. തെക്കു-കിഴക്കൻ ഏഷ്യൻ മേഖലയിൽ ക്ഷയരോഗ നിരക്കുകൾ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ, തായ്‌ലന്റ് എന്നിവയ്ക്കൊപ്പം ഇന്ത്യ സ്ഥിരമായ പുരോഗതി കൈവരിച്ചതായി WHO അറിയിച്ചു.

✪✪✪

ഇന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 108-ാം ജന്മദിനം. ഈ ദിവസം രാജ്യം ദേശീയോദ്ഗ്രഥന ദിനമായാണ് ആചരിക്കുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി

എന്നിവരടക്കം  മുതിർന്ന പാർട്ടി നേതാക്കൾ ന്യൂഡൽഹിയിലെ ശക്തിസ്ഥലിൽ ഇന്ദിരാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോസ്പേസ് മെഡിസിന്റെ 64-ാമത് വാർഷിക സമ്മേളനത്തിന് നാളെ ബംഗളുരുവിൽ തുടക്കമാവും. രണ്ട് ദിവസത്തെ സമ്മേളനം  എയർ ചീഫ് മാർഷൽ AP സിംഗ്  ഉദ്ഘാടനം ചെയ്യും. രാജ്യത്തുനിന്നും വിദേശത്തുനിന്നുമായി 300 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് രാജ്യരക്ഷാ  മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് 97 ശതമാനം ആളുകൾക്കും എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. BLO മാർ ഫോം തിരിച്ചു വാങ്ങുന്ന  പ്രവർത്തിയാണ് ഇപ്പോൾ നടത്തുന്നത്. ശേഷിക്കുന്ന സ്ഥലങ്ങളിൽ ഫോം വിതരണം ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് രാവിലെ 10 വരെ 5 ലക്ഷത്തോളം പൂരിപ്പിച്ച ഫോമുകൾ അപ്ലോഡ് ചെയ്തതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

SIR ലെ സുതാര്യത ഉറപ്പുവരുത്താനും, പരാതികൾ ഉണ്ടാവാതിരിക്കാനും അംഗീകൃത രാഷ്ട്രീയ പാർട്ടികൾ നാമനിർദ്ദേശം ചെയ്ത ബൂത്ത് ലെവൽ ഏജന്റുമാരുമായി ചേർന്ന് അടിയന്തര യോഗങ്ങൾ സംഘടിപ്പിക്കണമെന്ന് അദ്ദേഹം എല്ലാ BLO മാർക്കും നിർദ്ദേശം നൽകി.  സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണ പ്രക്രിയയിൽ  മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച  ബൂത്ത് ലെവൽ ഓഫീസർമാരെ  അദ്ദേഹം അഭിനന്ദിച്ചു. വോട്ടർ പട്ടികയുടെ കൃത്യതയും, വിശ്വാസ്യതയും നിലനിർത്തുന്നതിൽ BLO മാരുടെ ഫീൽഡ്തല പരിശ്രമം നിർണ്ണായകമാണെന്നും  രത്തൻ U കേൽക്കർ പറഞ്ഞു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി ലഹരിക്കടത്ത് തടയാൻ എക്സൈസ് പാലക്കാട് ജില്ലാ അതിർത്തികളിൽ പ്രത്യേക പരിശോധന ആരംഭിച്ചു. എക്സൈസ് കമ്മീഷണർ M.R അജിത്കുമാർ ചിറ്റൂരിൽ നടപടിക്ക്  തുടക്കം കുറിച്ചു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

......(വോയ്സ്)....................

✪✪✪

മലപ്പുറം ജില്ലയിലെ BLO മാരെ തദ്ദേശ തെരഞ്ഞെടുപ്പ് ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും, ഇതിനകം ഡ്യൂട്ടി ഓർഡർ ലഭിച്ച BLO മാർ അടിയന്തരമായി ജില്ലാ ഇലക്ഷൻ വിഭാഗവുമായി ബന്ധപ്പെടണമെന്നും ജില്ലാ കളക്ടർ V.R വിനോദ് അറിയിച്ചു. ജില്ലയിൽ 2898 ബൂത്ത് ലെവൽ ഓഫീസർമാരാണുള്ളത്.

✪✪✪

കോഴിക്കോട് നോർത്ത്, സൗത്ത് മണ്ഡലങ്ങളിൽ വോട്ടർമാരിൽനിന്നും SIR എന്യൂമറേഷൻ ഫോമുകൾ തിരിച്ച് വാങ്ങാൻ റവന്യൂ ഓഫീസർമാരുടെ നേതൃത്വത്തിൽ ക്യാംപുകൾ ആരംഭിച്ചു. ഈ മാസം 21 വരെയാണ് ക്യാമ്പുകൾ. സൗത്ത് മണ്ഡലത്തിൽ 18 ഉം, നോർത്തിൽ 26ഉം കേന്ദ്രങ്ങളാണ് ഒരുക്കിയത്.

✪✪✪

ആന്ധ്രാപ്രദേശിലെ രാമ്പച്ചോദവാരം മേഖലയിൽ സുരക്ഷാസേനയുമായി ഏറ്റുമുട്ടി ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതായി വിജയവാഡ ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ മഹേഷ് ചന്ദ്ര ലെദ്ദ അറിയിച്ചു. കൊല്ലപ്പെട്ടവരിൽ ചില മുതിർന്ന നേതാക്കളും ഉൾപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞ അദ്ദേഹം വിശദ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും വ്യക്തമാക്കി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ പ്രധാന എതിരാളികളായ കണ്ണൂർ വാരിയേഴ്സ് FC യും, മലപ്പുറം FC യും വൈകീട്ട് ഏറ്റുമുട്ടും. ഏഴരയ്ക്ക് കണ്ണൂർ മുൻസിപ്പിൽ ജവഹർ സ്റ്റേഡിയത്തിലാണ് മത്സരം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....... (വോയിസ് ).......

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടുന്ന ഏറ്റവും ചെറിയ രാജ്യമായി കരീബിയൻ ദ്വീപായ കുറക്കാവോ ചരിത്രം കുറിച്ചു. കിംഗ്സ്റ്റണിൽ ജമൈക്കയ്ക്കെതിരായ സമനിലയിലാണ് നേട്ടം.

✪✪✪

ദോഹയിൽ റൈസിംഗ് സ്റ്റാർസ് ഏഷ്യാ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിന്റെ സെമിയിൽ ഇന്ത്യ ഇന്ന് ഗ്രൂപ്പ് A-യിലെ ഒന്നാം സ്ഥാനക്കാരെ നേരിടും. വെസ്റ്റ് എൻഡ് പാർക്ക് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്നലെ ഒമാനെ ആറ് വിക്കറ്റിന് തോൽപ്പിച്ചാണ് ഇന്ത്യ സെമിയിൽ കടന്നത്.

✪✪✪

കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കലോത്സവത്തിൽ കണ്ണൂർ നോർത്ത് ഉപജില്ല മുന്നേറ്റം തുടരുന്നു. സൗത്ത് ഉപജില്ലയാണ് രണ്ടാം സ്ഥാനത്ത്.

വൈകിട്ട് ജില്ലാ കലക്ടർ അരുൺ K വിജയൻ കലോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര സീരിയൽ നടൻ ഉണ്ണിരാജൻ ചെറുവത്തൂർ മുഖ്യ അതിഥിയാകും.

✪✪✪

വയനാട് ജില്ലാ സ്കൂൾ കലോത്സവം മാനന്തവാടി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ചു. നാളെ വൈകിട്ട് കളക്ടർ DR മേഘശ്രീ കലോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. 3 ഉപജില്ലകളിൽ നിന്നായി 3700-ഓളം കുട്ടികൾ മേളയിൽ പങ്കെടുക്കും.

✪✪✪

ദേശീയ കലാഉത്സവിന്റെ സംസ്ഥാനതല മത്സരം നാളെ കോഴിക്കോട് ജൂബിലി ഹാളിൽ രാവിലെ കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും. 9 മുതൽ 12 വരെ ക്ളാസ്സുകളിലെ നാനൂറോളം കുട്ടികൾ 12 ഇനങ്ങളിലായി മത്സരിക്കും.

✪✪✪

ഇടുക്കി വാഴത്തോപ്പ് ഗിരിജ്യോതി പബ്ലിക് സ്കൂളിലെ പ്ലേ സ്കൂൾ വിദ്യാർത്ഥി സ്കൂൾ മുറ്റത്ത് സ്കൂൾ ബസ് കയറി മരിച്ചു. തടിയമ്പാട് പറപ്പള്ളിൽ ഹെയ്സൽ ബെൻ ആണ് മരിച്ചത്, സഹപാഠിക്ക് പരിക്കേറ്റു.

✪✪✪

ആന്റിബയോട്ടിക്കുകളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം ഇവയ്ക്കെതിരെ സൂക്ഷ്മാണുക്കൾ പ്രതിരോധശേഷി ആർജിക്കാൻ കാരണമാകുമെന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ TK ജയന്തി പറഞ്ഞു.

ആഗോള ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് അവബോധ വാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡും, ജില്ലാ ഭരണകൂടവും കാഴ്ചാ പരിമിതർക്ക് കോഴിക്കോട്ട് വോട്ടിങ് പരിശീലനവും വോട്ടിങ് മെഷീൻ പ്രദർശനവും നടത്തി. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ വൊക്കേഷണൽ ട്രെയിനിങ് സെന്ററിൽ പരിപാടി അസിസ്റ്റന്റ് കലക്ടർ ഡോ. S മോഹന പ്രിയ ഉദ്ഘാടനം ചെയ്തു.

✪✪✪

തീവ്ര വോട്ടർ പട്ടിക പുതുക്കൽ ബോധവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ കോഴിക്കോട് സൗത്ത് ബീച്ചിൽ മണൽശിൽപം ഒരുക്കി. സാൻഡ്‌ലൈൻസ് കേരള ക്യാമ്പയിനോടനുബന്ധിച്ച് എന്യുമറേഷൻ ഫോം, ഇലക്ടറൽ റോൾ, വോട്ടിങ് മെഷീൻ തുടങ്ങിയവയാണ് മണലിൽ ഒരുക്കിയത്. വോട്ടർമാർക്ക് SIRനെ കുറിച്ച് കൂടുതൽ അറിയാൻ വീഡിയോ പ്രദർശനം, നോട്ടീസ് വിതരണം, കലാപരിപാടികൾ എന്നിവയും ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ചു.

✪✪✪

നശാ മുക്ത് ഭാരത് അഭിയാൻ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സാമൂഹിക നീതി വകുപ്പ് കോഴിക്കോട്ട് സമൂഹ പ്രതിജ്ഞ സംഘടിപ്പിച്ചു. കോഴിക്കോട് അസി. കലക്ടർ ഡോ. S മോഹനപ്രിയ ഉദ്ഘാടനം ചെയ്തു. ഈസ്റ്റ്ഹിൽ കേന്ദ്രീയ വിദ്യാലയത്തിലെ ചടങ്ങിൽ വിദ്യാർഥികളും അധ്യാപകരും ചേർന്ന് മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞയെടുത്തു.

✪✪✪

തദ്ദേശ ഭരണ സ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് കമ്മിഷൻ നിഷ്കർഷിച്ച മാധ്യമ പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി നിർദ്ദേശം നൽകി. ജില്ലാതല മീഡിയ റിലേഷൻസ് സമിതിയുടെ ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ആവശ്യമായ നടപടികൾ സ്വീകരിക്കാൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറായ സമിതിയെ ചുമതലപ്പെടുത്തി. എല്ലാ ആഴ്ചയും സമിതി യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തും.

✪✪✪

കന്യാകുമാരിക്ക് സമീപം രൂപംകൊണ്ട ന്യൂനമർദം അടുത്ത 24 മണിക്കൂറിനുള്ളിൽ പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ലക്ഷദ്വീപിൽ മഞ്ഞ ജാഗ്രത നൽകി.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 45 മുതൽ 55 കിലോമിറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*NRT: നിമിഷ ജി*
*DEO: ഷീബ*